# ജി.എസ്.എസ്. പ്രവർത്തന റിപ്പോർട്ട് 26.05.2022 മുതൽ 18.07.2024 വരെ

പ്രിയ മെമ്പർമാരെ,

ജി.എസ്.എസ്. ജനറൽബോഡിയോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന മുഴുവൻ മെമ്പർമാരെയും സ്വാഗതം ചെയ്യുന്നു. 26.05.2022ന് ധർമ്മശാല ഇന്ത്യൻ കോഫിഹൗസിൽവെച്ച് നടന്ന ജി.എസ്.എസ്. ജനറൽ ബോഡിയോഗത്തിൽ 80 അംഗങ്ങൾ പങ്കെടുത്തു. യോഗ ത്തിൽവെച്ച് താഴെ പറയുന്ന 23 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു.

1. **ശ്രീ. കെ. വി. മധുസൂദനൻ** (ചെയർമാൻ)
2. **ശ്രീ. ഇ. കെ.ഹമീദ്** (വൈസ് പ്രസിഡണ്ട്)
3. **ശ്രീ. എം. അബ്ദുള്ള** (വൈസ് ചെയർമാൻ)
4. **ശ്രീ. അബ്ബാസ് മുണ്ടേരാൾ** (ജനറൽ സെക്രട്ടറി)
5. **ശ്രീ. സി. ഗോപാലൻ മാസ്റ്റർ** (ജോ. സെക്രട്ടറി)
6. **ശ്രീ. ശശിധരൻ. പി. വി.** (ട്രഷറർ)
7. **ശ്രീ. മെഹമൂദ്. എൻ.** (ഇ. സി.മെമ്പർ)
8. **ശ്രീ. അബൂബക്കർ എം. എ.** (ഇ. സി.മെമ്പർ)
9. **ശ്രീ. അബ്ദുൾ കലാം** (ഇ. സി.മെമ്പർ)
10. **ശ്രീ. ഗോപിനാഥ്. എ.** (ഇ. സി.മെമ്പർ)
11. **ശ്രീ. രാമചന്ദ്രൻ. ടി. വി.** (ഇ. സി.മെമ്പർ)
12. **ശ്രീ. എ. കെ. ഉണ്ണികൃഷ്ണൻ**(ഇ. സി.മെമ്പർ)
13. **ശ്രീ. രാജീവൻ.പി.എം.** (ഇ. സി.മെമ്പർ)
14. **ശ്രീ. കെ. ടി. പി. ഇബ്രാഹിം** (ഇ. സി.മെമ്പർ)
15. **ശ്രീ. ടി. പി. പത്മനാഭൻ മാസ്റ്റർ**(ഇ. സി.മെമ്പർ)
16. **ശ്രീമതി. രമ. ജി. നമ്പ്യാർ** (ഇ. സി.മെമ്പർ)
17. **ശ്രീ. നൂറുദ്ദീൻ. ടി. ബി.** (ഇ. സി.മെമ്പർ)
18. **ശ്രീ. ഇ. മമ്മു**(ഇ. സി.മെമ്പർ)
19. **ശ്രീമതി യശോദ വിഷിണുദാസ്**(ഇ. സി.മെമ്പർ)
20. **ശ്രീ. മൂസാൻ കുട്ടി വി. കെ.**(ഇ. സി.മെമ്പർ)
21. **ശ്രീമതി സരസ്വതി ടീച്ചർ. എം.** (ഇ. സി.മെമ്പർ)

22.**ശ്രീമതി രാധാലക്ഷ്മി. പി. സി.**(ഇ. സി.മെമ്പർ)

23.**ശ്രീമതി ലക്ഷ്മി പട്ടേരി**(ഇ. സി.മെമ്പർ)

ജനറൽബോഡിക്ക് ശേഷം ജി.എസ്.എസ്.അനുഗ്രഹീത കലാകാരന്മാരുടെ ഗാനാലാപങ്ങൾ സംഗമത്തിനും ജനറൽബോഡിക്കും മാറ്റുകൂട്ടി. 26.05.22 ന്റെ ജനറൽബോഡിക്ക് ശേഷം 18.07.24 വരെ എട്ട് ഇ. സി. മീറ്റിങ്ങുകൾ ചേരുകയുണ്ടായി.

വിവിധ ഇ. സി. മീറ്റിങ്ങുകളുടെ എണ്ണവും മെമ്പർമാരുടെ പങ്കാളിത്തവും:-

1) 29.06.22 റെയിൻബോ ടൂറിസ്റ്റ് ഹോം, കണ്ണൂർ - പങ്കാളിത്തം 15 .

2) 03.11.22 റെയിൻബോ ടൂറിസ്റ്റ് ഹോം, കണ്ണൂര് - പങ്കാളിത്തം 14

3) 08.12.22 കല്പകാ റെസിഡൻസി, കണ്ണൂർ - പങ്കാളിത്തം 11

4) 09.03.23 കല്പകാ റെസിഡൻസി, കണ്ണൂർ - പങ്കാലിത്തം 14

5) 20.07.23 ഓൺലൈൻ മീറ്റിംഗ്-പങ്കാളിത്തം 15

6) 14.01.24 ഓൺലൈൻ മീറ്റിംഗ് - പങ്കാളിത്തം 15

7) 22.06.24 കൽക്കൊ മിനി ഓഡിറ്റോറിയം - പങ്കാളിത്തം 10

8) 18.07.24 ഓൺലൈൻ മീറ്റിംഗ് - പങ്കാളിത്തം 14

## വിവിധ പരിപാടികൾ:

### അവാർഡ്ദാനം:-

അന്തരിച്ചുപോയ നമ്മുടെ പ്രിൻസിപ്പാൾ ശ്രീ. എസ്. വി. പി.കുഞ്ഞഹമ്മദ് സാറിന്റെ സ്മരണാർത്ഥം കോളിജിലെ ഡിഗ്രി റാങ്ക് ജേതാക്കൾക്ക് 23.07.22 ന് കോളേജ് സെമിനാർ ഹാളിൽവെച്ച് ഒന്നാമത്തെ അവാർഡ്ദാന ചടങ്ങ് നടത്തുകയുണ്ടായി. കോളേജ് ഭരണ സമിതി അംഗങ്ങൾ, പ്രിൻസിപ്പാൾ, അധ്യാപകർ, നമ്മുടെ പഠനകാലത്തെ അധ്യാപകർ, അവാർഡ് ജേതാക്കൾ, വിദ്യാർത്ഥികൾ, എസി. വി. പി. കുഞ്ഞഹമ്മദ് സാറിന്റെ മകൻ, മറ്റുകുടുംബാംഗങ്ങൾ, ജി.എസ്.എസ്. അംഗങ്ങൾ ഉൾപ്പെടെ നിരവധിപേർ ചടങ്ങിൽ പങ്കെടുത്തു.

ജി.എസ്.എസ്. ചെയർമാൻ ശ്രീ. കെ. വി. മധുസൂദനന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടി വമ്പിച്ച വിജയമായിരുന്നു. ഇ. സി. മെമ്പർ ശ്രീ. ടി. വി. രാമചന്ദ്രൻ സ്വാഗതവും ജോ. സെക്രട്ടറി ശ്രീ. സി. ഗോപാലൻ മാസ്റ്റർ നന്ദിയും പറഞ്ഞു. അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്ത മുഴുവൻ വ്യക്തികൾക്കും ഉച്ചഭക്ഷണം നൽകുകയുണ്ടായി. പരിപാടിയുടെ വിജയത്തിന് ശ്രീ. മെഹമൂദ്. എൻ., ശ്രീ ഗോപിനാഥ്.എ., ടി. പി. പത്മനാഭൻ. രാജീവൻ.പി.എം., എ. കെ. ഉണ്ണികൃഷ്ണൻ, രമ.ജി. നമ്പ്യാർ എന്നിവരുടെ പ്രവർത്തനം മാതൃകാപരമായിരുന്നു.

സ്നേഹസ്പർശത്തിന്റെ ഭാഗമായി നമ്മുടെ സഹപാഠികളിൽ പ്രയാസമനുഭവിക്കുന്നവരെ ജി.എസ്.എസ്.സാമ്പത്തികമായും മറ്റുവിധത്തിലും സഹായിച്ചുവരുന്ന കാര്യം ബഹുമെമ്പർമാർ അറിഞ്ഞിരിക്കുമല്ലോ. അനാരോഗ്യവുമായി, രോഗം ബാധിച്ച് പരിയാരം മെഡിക്കൽ കോളേജിൽ അഡ്മിറ്റായ നമ്മുടെ സഹപാടിയെ പോയിക്കാണുവാനും പരിചരി

ക്കുവാനും ജി.എസി.എസിന് സാധിച്ചിട്ടുണ്ട്. ഇ. സി. അംഗം ശ്രീ രാമചന്ദ്രൻ ടി. വി.യുടെ സേവനം ഈ അവസരത്തിൽ എടുത്തുപറയേണ്ടതാണ്. 15.08. 22 ന് മരണപ്പെട്ട B1(നാരായണന്റെ) അന്ത്യകർമ്മങ്ങളിൽ ഇ. സി. അംഗങ്ങളായ ശ്രീ. മെഹമൂദ് എൻ., മമ്മു.ഇ., സി. ഗോപാലൻ മാസ്റ്റർ എന്നിവരെ കൂടാതെ ഇ. എസ്.എസ്. അംഗങ്ങളായ ടി. സോമരാജൻ, സി. പി. രാമചന്ദ്രൻ, പി.ഒ. ബാലകൃഷ്ണൻ എന്നിവർ കല്ല്യാശ്ശേരിയിൽ പരേതന്റെ സഹോദരിയുടെ വീട്ടിൽ പങ്കെടുത്ത് അന്ത്യോപചാരം അർപ്പിച്ചു. ജി.എസ്.എസിന്റെ പേരിൽ ജോ. സെക്രട്ടറി റീത്ത് സമർപ്പിച്ചു.

29.09.22 ജി.എസ്.എസ്. അംഗം ശ്രീമതി നയനതാരയുടെ ആകസ്മിക മരണം നമ്മെ ദുഃഖത്തിലാഴ്ത്തി. നമ്മുടെ മെമ്പർ ശ്രീ. ടി. സോമരാജന്റെ നേതൃത്വത്തിൽ 68-70, പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് എട്ട് പൂർവ്വ വിദ്യാർത്ഥികൾ കാസർഗോഡ് പൊയിനാച്ചിയിലുള്ള അവരുടെ വീട്ടിൽ പോകുകയും അന്ത്യകർമ്മങ്ങളിൽ പങ്കെടുക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു. അനുഗ്രഹീത പാട്ടുകാരി നമ്മെ വിട്ടുപിരിഞ്ഞത് ഒരു തീരാനഷ്ടമായി ഇന്നും നിലനിൽക്കുന്നു.

**31.12.22. സ്നേഹസംഗമം:-**

ഏഴിലം ടൂറിസം കേന്ദ്രത്തിൽ നടത്തിയ സംഗമത്തിൽ 74 പേർ പങ്കെടുത്തു. പ്രസ്തുത കുടുംബ സംഗമം വിജയപ്രദമായിരുന്നു. ഏഴോം മുതൽ പഴയങ്ങാടിപ്പാലംവരെയുള്ള ബോട്ടുയാത്രയും ഇരുകരകളിലുള്ള പ്രകൃതി ദൃശ്യവും, യാത്രയിലുടനീളം നമ്മുടെ പ്രിയ കലാകാരൻ സലീമിന്റെയും, ഡോ. വനജയുടെയും മറ്റു കലാകാരന്മാരുടെയും (പേരക്കുട്ടികളടക്കം) പാട്ടുകളും ബോട്ടുയാത്രയെ അവിസ്മരണീയമാക്കി. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം എടുത്തുപറയേണ്ടതായിരുന്നു. ഈ പരിപാടി വിജയിപ്പിക്കുന്നതിൽ പ്രോഗ്രാം കമ്മിറ്റി കൺവീനർ എന്ന നിലയിൽ നമ്മുടെ ക്യാപ്റ്റൻ മെഹമൂദിന്റെ ലീഡർഷിപ്പ് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ശ്രീ അബ്ദുൾ കലാമിന്റെയും മറ്റു ഓർഗനൈസിങ്ങ് കമ്മിറ്റി അംഗങ്ങളുടെയും പ്രവർത്തനം മാതൃകാപരമായിരുന്നു. വൈകുന്നേരം നടത്തിയ വിവിധ മത്സരങ്ങളിൽ മ്യൂസിക്കൽ ചെയർ ഇനത്തിൽ ഒന്നാംസ്ഥാനം നേടിയ നമ്മുടെ പ്രിയ സുഹൃത്ത് അഡ്വക്കറ്റ് മാത്യു പൈക്കട ഇന്ന് നമ്മോടൊപ്പമില്ലെന്ന യാഥാർത്ഥ്യം ദുഃഖത്തോടെ ഇവിടെ സ്മരിക്കട്ടെ. അദ്ദേഹത്തിന്റെ അന്ത്യകർമ്മങ്ങളിൽ ജി.എസ്.എസ്. ചെയർമാൻ ശ്രീ. മധുസൂദനന്റെ നേതൃത്വത്തിൽ 15 ഓളം അംഗങ്ങൾ പരേതന്റെ തളിപ്പറമ്പ് പുഷ്പഗിരിയിലുള്ള വീട്ടിൽ പങ്കെടുക്കുകയുണ്ടായി. ജി.എസ്.എസി.ന്റെ പേരിൽ റീത്ത് സമർപ്പിക്കുകയും ചെയ്തു.

അഡ്വ. മാത്യു പൈക്കടയുടെ വേർപാട് ജി.എസ്.എസിനെ സംബന്ധിച്ച് എന്നും ഒരു തീരാ നഷ്ടമായി അവശേഷിക്കുന്നു.

**27.04.23.-സ്നേഹസംഗമം, ചെഷെയർ വില്ലേജ് മാട്ടൂൽ:**

കുടുംബാംഗങ്ങളടക്കം 85 ആളുകൾ സംഗമത്തിൽ പങ്കെടുത്തു. വൈസ് ചെയർമാൻ ശ്രീ. ഇ. കെ. ഹമീദിന്റെ ദിവസങ്ങളോളമുള്ള ത്യാഗപൂർണ്ണമായ മേൽ നോട്ടവും പ്രവർത്തനവും സംഗമത്തിന്റെ വിജയത്തിന് മാറ്റുകൂട്ടി. ഓർഗനൈസിംഗ് കമ്മിറ്റി അംഗങ്ങളുടെ മുൻകൂട്ടിയുള്ള പ്ലാനിങ്ങും പ്രവർത്തനവും എടുത്തുപറയേണ്ടതാണ്. വിഭവ സമൃദ്ധമായ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, എല്ലാം തൃപ്തികരമായിരുന്നു.

ചെയർമാൻ ശ്രീ.കെ.വി. മധുസൂദനന്റെ അധ്യക്ഷതയിൽ രാവിലെ നടന്ന ഔപചാരിക ഉദ്ഘാടന വേദിയിൽവെച്ച് നമ്മുടെ വൈസ് ചെയർമാൻ ശ്രീ. വൈദ്യൻ എം. അബ്ദുള്ളയെ ജി.എസ്.എസിന്റെ പേരിൽ വൈസ് ചെയർമാൻ ശ്രീ. ഇ. കെ. ഹമീദ് പൊന്നാട അണിയിക്കുകയും ചെയർമാൻ ശ്രീ മധുസൂദനൻ മെമന്റോ നൽകി അദരിക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ. അബ്ബാസ് മുണ്ടോൾ സ്വാഗതവും ശ്രീ. സി. ഗോപാലൻ മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി. ഉച്ചയ്ക്ക് ശേഷം സന്ദർശിച്ച അക്വേറിയവും പക്ഷിസങ്കേതവും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ സന്തോഷം പകരുന്നതായിരുന്നു.

**17.07.23:** സർസയ്യിദ് കോളേജ് ഭരണ സമിതി നമ്മുടെ സഹപാഠിയും കേരള രാഷ്ട്രീയത്തിലെ തലമുതിർന്ന നേതാവും ഭരണാധികാരിയുമായി വളർന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കോളേജിൽവെച്ചുനടന്ന ആദരവ് ചടങ്ങിൽ ജി.എസ്.എസിനെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. 1968-73 വർഷങ്ങളിൽ കുഞ്ഞാലിക്കുട്ടിയുമായി കൂടുതൽ അടുപ്പമുണ്ടായിരുന്ന നമ്മുടെ ഇ.സി.അംഗം ശ്രീ. നൂറുദ്ദീൻ. ടി. ബി. വേദിയിൽവെച്ചു തന്നെ കുഞ്ഞാലിക്കുട്ടിയുമായി പരിചയം പുതുക്കി. ജി.എസ്.എസ്. നോമിനിയായി ജോ. സെക്രട്ടറി ജി.എസ്.എസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രസ്തുത ചടങ്ങിൽ സംസാരിച്ചു. ശ്രീ കുഞ്ഞാലിക്കുട്ടി വളരെ ആകാംക്ഷയോടെ ജി. എസ്.എസ്. കൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശ്രവിക്കുകയും ഭാവിയിൽ ജി.എസ്.എസ്. സംഗമത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ഒരുമിച്ചിരുന്ന് ഉച്ചഭക്ഷണത്തിന് ശേഷം എല്ലാവരോടും പ്രത്യേകം പ്രത്യേകം യാത്രപറഞ്ഞാണ് അദ്ദേഹം തിരിച്ചുപോയത്.

**15.08.23 –** എസ്.എസ്.കോളേജിൽ വച്ചുനടന്ന രണ്ടാമത്തെ അവാർഡ് ദാന ചടങ്ങ്. 12 റാങ്ക് ജേതാക്കൾക്ക് ക്യാഷ് അവാർഡും മെമന്റോയും വിതരണം ചെയ്തു. കോളേജ് ഭരണാധികാരികൾ, പ്രിൻസിപ്പാൾ, പൂർവ്വ അധ്യാപകർ മറ്റുജീവനക്കാർ, നമ്മുടെ മെമ്പർമാർ എന്നിവർ പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽവെച്ച് ജി.എസ്.എസ്.അംഗം ശ്രീ. പി. പി. ബാലന് (അഡ്വൈസർ, മിനിസ്ട്രി ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ) അനുമോദനം നൽകുകയുണ്ടായി. ചെയർമാൻ ശ്രീ. കെ. വി. മധുസൂദനൻ അധ്യക്ഷതവഹിച്ചു. വൈദന്യൻ എം. അബ്ദുള്ള സ്വാഗതവും ശ്രീ ഗോപാലൻ മാസ്റ്റർ നന്ദിയും പറഞ്ഞു. അവാർഡ് ജേതാക്കളിൽ കാഴ്ച പരിമിതിയുള്ള ഒരു വിദ്യാർത്ഥിനി രചിച്ച പുസ്തകം അവിടെ പങ്കെടുത്ത എല്ലാ അംഗങ്ങളും വിലകൊടുത്ത് വാങ്ങുകയുണ്ടായി. ശ്രീ. ടി. വി. രാമചന്ദ്രനായിരുന്നു കുട്ടിയുടെ അഭ്യർത്ഥന മാനിച്ച് അതിനുവേണ്ടി പ്രവർത്തിച്ചത്. ചടങ്ങിൽ പങ്കെടുത്ത മുഴുവൻ വ്യക്തികൾക്കും ഉച്ച ഭക്ഷണം നൽകുകയുണ്ടായി. പരിപാടിയുടെ വിജയത്തിന് രാജീവൻ. പി. എം., ഗോപിനാഥ്.എ., അബ്ദുൾ കലാം, കെ. ടി. പി. ഇബ്രാഹിം ടി. പി. പത്മനാഭൻ, മഹ്മൂദ് എൻ., എ. കെ. ഉണ്ണികൃഷ്ണൻ, രമ ജി. നമ്പ്യാർ എന്നിവരുടെ സേവനം വിലപ്പെട്ടതായിരുന്നു.

സുഹൃത്തുക്കളെ,

ജി.എസ്.എസ്.രൂപീകരിച്ച് ആറ് വർഷം പൂർത്തീകരിക്കുന്ന ഈ വേളയിൽ നമ്മുടെ സ്നേഹ സംഗമങ്ങൾക്ക് ഉപരി പരിമിതമായ രീതിയിലെങ്കിലും സ്നേഹസ്പർശം എന്ന പേരിൽ മൂന്നുപേരെ സാമ്പത്തികമായി സഹായിക്കാൻ സാധിച്ചു എന്നത് സംഘടനയെസംബന്ധിച്ച് അഭിമാനകരമായ പ്രവർത്തനങ്ങളാണ്. പേരെടുത്ത് പറയാതെതന്നെ നമ്മുടെ ഒരു സഹപാഠിക്ക് മൂന്ന് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് അദ്ദേഹത്തിന്റെ പാതിവഴിയിലായിരുന്ന വീട് പുനർനിർമ്മിച്ച് നൽകുകയുണ്ടായി. മറ്റൊരു വ്യക്തിയുടെ ചികിത്സാ ചെലവും അദ്ദേഹത്തെ ആശുപത്രിയിൽ പരിചരിക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. സ്നേഹസ്പർശമെന്ന രീതിയിൽ ഒരു സഹപാടിക്ക് മൂന്ന് വർഷത്തോളം മാസാമാസം ഒരു ചെറിയ തുക സഹായമായി നൽകിവരുന്നത് ഇവിടെ സൂചിപ്പിക്കയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ഈ സഹായം ഇന്ന് നൽകുന്നില്ല എന്നുകൂടി അറിയിക്കുന്നതിൽ ഇ.സി.ക്ക് പ്രയാസമുണ്ട്. നമ്മുടെ പ്രിയ മെമ്പർ ശ്രീ.ജെയിംസ് മാസാമാസം 500 രൂപ സ്നേഹസ്പർശം ഹെഡ്ഡിലേക്ക് അയക്കുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്. ഇതുകൂടാതെ ജി.എസ്.എസ്. മെമ്പർ ശ്രീ. ഇ. പി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ (യു.എസ്.എ.) കഴിഞ്ഞ രണ്ട് അവാർഡ് ചടങ്ങിലേക്കുമായി നല്ല തുക സംഭാവനയായി നൽകിയ വിവരവും സന്തോഷപൂർവ്വം ഇവിടെ ഓർമ്മിപ്പിക്കുന്നു.

സ്നേഹസ്പർശം പ്രവർത്തനത്തിന്റെ പല ഘട്ടങ്ങളിലും അതിന് മുന്നിട്ടുനിന്ന് പ്രവർത്തിച്ച ഇ. സി. അംഗങ്ങൾ ജി.എസ്.എസ്.അക്കൗണ്ടിൽനിന്നല്ലാതെതന്നെ ആ പ്രോജക്ട് വിജയിപ്പിക്കുന്നതിന് പ്രത്യേകം പൈസയെടുത്ത് പ്രവർത്തി പൂർത്തീകരിക്കേണ്ടി വന്നിട്ടുണ്ട് എന്നുകൂടി അഭിമാനപൂർവ്വം ഇവിടെ അറിയിക്കട്ടെ.

**ഓർഗനൈസിംഗ് കമ്മറ്റിയെപ്പറ്റി രണ്ടുവാക്ക്:**

വിവിധ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചാൽ അത് സംഘടിപ്പിച്ച് വിജയിപ്പിക്കുക എന്നത് ഓർഗനൈസിംഗ് കമ്മറ്റിയുടെ ചുമതലയാണ്. സ്വന്തം കാശ് ചെലവഴിച്ചാണ് അവരുടെ എല്ലാ യാത്രയും മറ്റുചെലവുകളും വഹിക്കുന്നത് എന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. കണ്ണൂരിൽ വെച്ച് നടക്കുന്ന ഇന്നത്തെ പരിപാടിയുടെ പ്രധാന പ്രവർത്തനങ്ങൾ പ്രിയ ഇ.സി.മെമ്പർ ശ്രീ.കെ.ടി.പി. ഇബ്രാഹിം നിർവ്വഹിക്കുന്നു എന്നുകൂടി ഇവിടെ സൂചിപ്പിക്കുകയാണ്.

ഓർഗനൈസിംഗ് കമ്മിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ജി.എസ്.എസിനെ മുന്നോട്ട് നയിക്കാൻ ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ് ചെയർമാൻ ശ്രീ. കെ.വി.മധുസൂദനനും ജനറൽസെക്രട്ടറി അബ്ബാസ് മുണ്ടേരിയും എന്നുകൂടി അറിയിക്കട്ടെ.

പ്രിയമുള്ളവരെ കഴിഞ്ഞ ജനറൽബോഡി യോഗത്തിന് ശേഷമുള്ള പ്രവർത്തന റിപ്പോർട്ടാണ് ബഹു മെമ്പർമാരുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ച് നടത്തപ്പെടുന്ന എല്ലാ പരിപാടികളുടെയും പൂർണ്ണ വിജയത്തിന് കാരണം മാന്യ മെമ്പർമാരുടെ പൂർണ്ണ സഹകരണമാണ്. ഈ വിധത്തിൽ സഹകരിച്ച എല്ലാ മെമ്പർമാർക്കും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നന്ദി അറിയിക്കുന്നു. തുടർന്നും എല്ലാവരുടെയും സഹകരണവും അഭ്യർത്ഥിക്കുന്നു. പ്രവർത്തന റിപ്പോർട്ട് ഇവിടെ അവസാനിക്കയാണ്. നിങ്ങളുടെ ചർച്ചക്കും വിലയേറിയ നിർദ്ദേശങ്ങൾക്കുമായി ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി,

ജോ. സെക്രട്ടറി

**സി. ഗോപാലൻ മാസ്റ്റർ**

**കണ്ണൂർ**
**18.07.24**